**GAZETTE DATE : 16.12.2024**
**LAST DATE : 15.01.2025**

## SPECIAL RECRUITMENT – DISTRICT WISE

## CATEGORY NO: 484/2024

Applications are invited from qualified **Scheduled Caste**/**Scheduled Tribe** candidates of Kerala State for selection to the following post. Applications must be submitted online through the official website of the Kerala Public Service Commission after one time registration. Candidates who have already registered can apply through their profile.

1. **Department** : **Kerala Police Service**
2. **Name of post** : **Police Constable (Trainee) (Armed Police Battalion) (Special Recruitment for SC/ST)**

   *Note: Women candidates and differently abled candidates are not eligible to apply in response to this notification.*
3. **Scale of pay** : **₹ 31,100 – 66,800/-**
4. **Number of Vacancies** : **Battalion wise**

   Thiruvananthapuram (SAP) – 03
   Pathanamthitta (KAP III) – 05
   Idukki (KAP V) - 04
   Thrissur (KAP II) - 07
   Malappuram (MSP) - 04

| Sl. No. | Battalion | Name of District and Police District coming under the Battalion | PSC District office in charge of the selection |
|---|---|---|---|
| 1 | SAP | Thiruvananthapuram Revenue District (Thiruvananthapuram City and Rural Police Districts) | Thiruvananthapuram |
| 2 | KAP III | Kollam, Alappuzha and Pathanamthitta Revenue Districts (Kollam, Alappuzha and Pathanamthitta Police Districts) | Pathanamthitta |
| 3 | KAP V | Kottayam and Idukki Revenue Districts (Kottayam and Idukki Police Districts) | Idukki |
| 4 | KAP II | Thrissur and Palakkad Revenue Districts (Thrissur and Palakkad Police Districts) | Thrissur |
| 5 | MSP | Malappuram, Kozhikode Revenue Districts (Malappuram Police District, Kozhikode City and Rural Police Districts) | Malappuram |

Notes : (i) Selection will be made on Battalion wise basis. Candidates are prohibited from applying to more than one Battalion in response to this notification. Candidates appointed to the various Battalions will be allowed transfer only to the District Armed Reserves concerned as shown against the Battalions noted above.

ii) Separate ranked lists for each Battalion will be published. The Ranked list thus published shall cease to be in force after one year from the date of finalization of the ranked list. Candidates will be advised from the said list against the vacancies for SC/ST listed above and that may be reported to the Commission during the period of currency of the ranked list.

iii) Vacancies of the above post exclusively for scheduled Tribes will also be advised from this list, if no separate ranked list is available or a separate selection is under way exclusively for Scheduled Tribe for filling up of such vacancies. Only in the absence of Scheduled Tribe candidates in the said list a fresh notification exclusively for 'Scheduled Tribes' will be issued for such vacancies.

5. **Method of appointment** : Direct Recruitment (Battalion wise) (Special Recruitment from among Scheduled Caste/Scheduled Tribes)

   **Note** : Applications submitted by candidates other than Scheduled Caste/Scheduled Tribe will be rejected. Individual communications regarding the rejection of their applications for the above reason will not be issued.

6. **Age** : 18-31. Only candidates born between 02.01.1993 and 01.01.2006 (both dates included) are eligible to apply for this post.

Note :- Upper age limit shall be relaxed up to 41 years for Ex-servicemen. Other conditions regarding age relaxation in para (2) of the general conditions are not applicable to this selection.

7. **Qualifications :-**

(a) Educational Qualification

Pass in HSE (Plus Two) or its equivalent.

Note :- Those who have failed in HSE (Plus 2) shall also be considered if sufficient number of qualified candidates are not available to fill up the quota of Police Constables reserved for the Scheduled Caste/Scheduled Tribes.

Note: Rule 10(a)(ii) of Part II of KS & SSR is applicable.

"In addition to the qualifications prescribed in the notification, the qualifications recognized by Executive Orders or Standing Orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission."

(b) Physical Qualifications

(a) (i) Height : A minimum of 160cm.
(ii) Chest : A minimum of 76 cm (with a minimum expansion of 5 cm).

(b) Eye Sight : Must be certified to possess the visual standards specified below without glasses.

| Vision | Right Eye | Left Eye |
|---|---|---|
| Distant Vision | 6/6 Snellen | 6/6 Snellen |
| Near Vision | 0.5 Snellen | 0.5 Snellen |

*Note :-*

(1) Each eye must have a full field of vision.
(2) Colour blindness, squint or any morbid conditions of the eyes or lids of either eyes will be deemed to be a disqualification.
(3) Must be free from apparent physical defects like knock-knee, flat foot, varicose vein, bow legs, deformed hands & limbs, irregular and protruding tooth, defective speech and hearing.

(c) Must qualify in any five events out of eight events specified below, of the National Physical Efficiency, One Star Standard Test.

| Sl. No. | Events | One Star Standards |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.20 cm |
| 3. | Long Jump | 457.20 cm |
| 4. | Putting the Shot (7264 gm) | 609.60 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope climbing (using hands only) | 365.80 cm |
| 7. | Pull up or chinning | 8 times |
| 8. | 1500 meters run | 5 minutes & 44 seconds |

**Note: -** Physical measurement of candidates will be taken at the time of physical efficiency test and those who do not possess the prescribed physical measurement will not be admitted for the physical efficiency test. If accidents or injuries happen to a candidate while participating in the physical efficiency test, he will not be given further chance to participate in the test.

The candidates should produce at the time of physical efficiency test, a Medical Certificate in original in the form prescribed here under, certifying to their physical fitness and eye sight without glasses. The Medical Certificate should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon/Junior Consultant.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon/Junior Consultant)

I have this day medically examined Sri...................................................... (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock knee, flat foot, varicose vein, bow legs, deformed hands and limbs, irregular and protruding teeth, defective speech and hearing.

His age according to his own statement is .................................. and by appearance is ......................... and his standards of vision is as follows.

**Standards of Vision**

(without glasses)

| | Right Eye | Left Eye |
|---|---|---|
| (i) Distant Vision | ..........Snellen | ......... Snellen |
| (ii) Near Vision | .........Snellen | ......... Snellen |
| (iii) Field of Vision | ...................................................... | |

(Specify whether field of vision is full or not. Entries such as Normal, Good etc. are inappropriate here)

(iv) Colour Blindness ...............................

(v) Squint ................................

(vi) Any morbid condition of the eyes or lids of either eye ....................

(vii) Marks of Identification 1)............................................

2)............................................

He is physically fit for the post of Police Constable in the Police Department.

I certify to the best of my knowledge and belief that the applicant Sri.......................................................................................................................... .............
… ..... .......................... ........................................................................ …..........................
(Name & address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical officer shall be affixed on the photograph leaving the face clear)

| Photo of the Candidate |
|---|

Place: Signature

Date : Name and Designation of the Medical Officer

***(Office Seal)***

**Note :** Details regarding standards of vision should be clearly stated in the certificate as given above and vague statement such as Vision Normal/good will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the certificate will not be accepted.

8. **Training :-** Persons recruited direct for appointment to the category of Police Constable shall undergo training for a period of nine months in the Police Training College and/or in such other institutions as may be specified by Government or Director General of Police. During the period of training the trainee shall be paid such stipend as may be specified by Government from time to time.

9. **Probation :-** Every person appointed by direct recruitment on the above post shall from the date on which he joins duty be on probation for a total period of two years on duty within a continuous period of three years.

10. **Mode of submitting application:-**

(a) Candidates must register as per ONE TIME REGISTRATION with the official website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. **Candidates who create new profile should upload photograph taken within 6 months.** Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking the photograph. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if noncompliance with the notification is found in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for.

(b) Candidates who have Aadhaar card should add Aadhaar card as I.D proof in their profile.

11. **Last date for submission of application :15.01.2025 Wednesday** up to 12 midnight.

12. **Website address** : www.keralapsc.gov.in

13. If a Written/OMR/Online Test is conducted as part of this selection, candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidate alone can generate and download the admission tickets in the last 15 days till the date of test. The application of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

14. Paragraphs two, three and twenty five (except the conditions laid down in Rule 3 (c), Part II of the Kerala State and Subordinate Service Rules) are not applicable to this selection.

15. Appointments are made on the basis of the rank secured in the ranked list of candidates prepared in pursuance of this notification subject to the conditions laid down in G.O (Ms) No. 142/72/PD dated, 13.04.1972, G.O (Ms) No. 309/73/PD dated, 29.11.1973, G.O (P) No. 21/76/PD dated, 17.01.1976 and G.O (P) No. 25/94/GAD dated, 22.01.1994 allowing special reservations to Scheduled Castes/Scheduled Tribes in accordance with the procedures made for this purpose from time to time and subject to the rules under sections 3(c), 17(a), 17(b) of Part II of Kerala State and Subordinate Service Rules, 1958.

**Special instructions to candidates :-**

16. In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a gazette notification in this regard, along with Community certificate at the time of certificate verification.

17. Candidates are required to acquaint themselves with the instructions given in the

notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

18. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## **<u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് – ജില്ലാതലം</u>**
## **<u>കാറ്റഗറി നമ്പർ : 484/2024</u>**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട** യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. **വകുപ്പ്** : **കേരള പോലീസ് സർവ്വീസ്**

2. **ഉദ്യോഗപ്പേര്** : **പോലീസ് കോൺസ്റ്റബിൾ (ട്രെയിനി ) (ആംഡ് പോലീസ് ബറ്റാലിയൻ)**
(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
*<u>കുറിപ്പ് : ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.</u>*

3. **ശമ്പളം** : **₹ 31,100 – 66,800/-**

4. **ഒഴിവുകളുടെ എണ്ണം** : <u>ബറ്റാലിയൻ അടിസ്ഥാനത്തിൽ</u>
തിരുവനന്തപുരം (എസ്.എ.പി) – 03
പത്തനംതിട്ട (കെ.എ.പി III) – 05
ഇടുക്കി (കെ.എ.പി V) – 04
തൃശ്ശൂർ (കെ.എ.പി II) – 07
മലപ്പുറം (എം.എസ്.പി) – 04

| ക്രമ നമ്പർ | ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും, പോലീസ് ജില്ലകളും | നിയമന ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|---|
| 1 | എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്ട്) | തിരുവനന്തപുരം |
| 2 | കെ.എ.പി III | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്ടുകൾ) | പത്തനംതിട്ട |
| 3 | കെ.എ.പി V | കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) | ഇടുക്കി |
| 4 | കെ.എ.പി II | തൃശ്ശൂർ, പാലക്കാട് റവന്യൂ ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്ടുകൾ) | തൃശ്ശൂർ |
| 5 | എം.എസ്.പി | മലപ്പുറം, കോഴിക്കോട് റവന്യൂ ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്ട്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | മലപ്പുറം |

<u>കുറിപ്പ്</u> :- (I) ഈ തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിൽ കൂടുതൽ ബറ്റാലിയനുകളിൽ അപേക്ഷിക്കുവാൻ പാടില്ല. വിവിധ ബറ്റാലിയനിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ബറ്റാലിയനു നേരെ കാണിച്ചിട്ടുള്ള ജില്ലാ ആംഡ് റിസർവ്വ് പോലീസിലേക്ക് മാത്രമേ സ്ഥലം മാറ്റം അനുവദിയ്ക്കുകയുള്ളൂ.

(ii) ഈ വിജ്ഞാപന പ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) പട്ടികവർഗ്ഗവിഭാഗക്കാർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി അറിയിക്കുന്ന ഈ തസ്തികയുടെ

ഒഴിവുകൾ നികത്തുന്നതിനായി പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക വിജ്ഞാപനം/റാങ്ക് പട്ടിക നിലവിലില്ലായെങ്കിൽ പ്രസ്തുത ഒഴിവിലേയ്ക്കും ഈ വിജ്ഞാപനപ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (ബറ്റാലിയൻ തിരിച്ച്). (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**കുറിപ്പ് :-** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായപരിധി** : 18-31. ഉദ്യോഗാർത്ഥികൾ 02.01.1993-നും 01.01.2006-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

കുറിപ്പ്:- വിമുക്ത ഭടന്മാർക്ക് 41 വയസ്സുവരെ പരമാവധി പ്രായത്തിൽ ഇളവ് നല്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2-ആം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

7. **യോഗ്യതകൾ** :-

(എ) വിദ്യാഭ്യാസ യോഗ്യത

ഹയർ സെക്കന്ററി (പ്ലസ് ടു) പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

കുറിപ്പ് :- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സംവരണം ചെയ്തിട്ടുള്ള ക്വാട്ട നികത്തുന്നതിന് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ ഹയർ സെക്കന്ററി (പ്ലസ് ടു) പരീക്ഷ വിജയിക്കാത്തവരെയും പരിഗണിക്കുന്നതാണ്.

കുറിപ്പ് :
KS & SSR പാർട്ട് II റൂൾ 10 (a) (ii) ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.
"ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്."

(ബി) ശാരീരിക യോഗ്യത

(എ) (i) ഉയരം - കുറഞ്ഞത് 160 സെ.മീ
(ii) നെഞ്ചളവ് - കുറഞ്ഞത് 76 സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസത്തോടെ )

(ബി) കാഴ്ചശക്തി - താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ച ശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതു കണ്ണ് | ഇടതു കണ്ണ് |
|---|---|---|
| ദൂര കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ് :-
(1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.
(2) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.
(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുനപല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്ക് പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

കുറിപ്പ് :- ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായിക ക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരിക യോഗ്യതയും, കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായിക ക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon/ Jr.Consultant)

I have this day medically examined Sri....................................................... (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock knee, flat foot, varicose vein, bow legs, deformed hands and limbs, irregular and protruding teeth, defective speech and hearing.

His age according to his own statement is .................................. and by appearance is ......................... and his standards of vision is as follows.

### Standards of Vision

(without glasses)

| | Right Eye | Left Eye |
|---|---|---|
| (i) Distant Vision | ..........Snellen | ......... Snellen |
| (ii) Near Vision | .........Snellen | ......... Snellen |

(iii) Field of Vision .....................................................

(Specify whether field of vision is full or not. Entries such as Normal, Good etc. are inappropriate here)

(iv) Colour Blindness ................................

(v) Squint .................................

(vi) Any morbid condition of the eyes or lids of either eye .....................

(vii) Marks of Identification 1)..............................................

2)..............................................

He is physically fit for the post of Police Constable in the Police Department.

I certify to the best of my knowledge and belief that the applicant Sri............................................................................................................................................ .............. ... ..... ........................... ........................................................................... ................................ (Name & address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical officer shall be affixed on the photograph leaving the face clear)

Photo of the Candidate

Place: Signature

Date : Name and Designation of the Medical Officer

***(Office Seal)***

കുറിപ്പ് :- കാഴ്ച ശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ച ശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ച ശക്തിയുണ്ടോ, മോശമായ കാഴ്ച ശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8.** **<u>ട്രെയിനിംഗ് :-</u>** പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ 9 മാസത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

**9.** **<u>പ്രൊബേഷൻ</u>**:- നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**10.** **<u>അപേക്ഷ സമർപ്പിക്കേണ്ട രീതി</u> :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ Apply now ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നല്കേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന**

**കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നപക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 15.01.2025 ബുധനാഴ്ച** രാത്രി 12 മണി വരെ

12. **വെബ്സൈറ്റ് മേൽവിലാസം** : www.keralapsc.gov.in

13. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റതവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതിവരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

14. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

15. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972-ലെ ജി.ഒ.(എം.എസ്) നമ്പർ 142/72/പി.ഡി, 29.11.1973-ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/പി.ഡി, 17/01/1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994-ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമന കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

16. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

17. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

18. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ